REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-04-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്തെ നിയമസഭാ തിരഞ്ഞെടുപ്പ് പരസ്യ പ്രചാരണം നാളെ വൈകിട്ട് അവസാനിക്കും. മുന്നണികളും നേതാക്കളും അവസാനവട്ട പ്രചാരണത്തിൽ.**
- **BJP യുടെ 47-ാം സ്ഥാപക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത് ഷാ, പാർട്ടി ദേശീയ പ്രസിഡന്റ് നിതിൻ നബിൻ എന്നിവർ പ്രവർത്തകർക്ക് ആശംസ നേർന്നു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിൽ മൂന്ന് തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും.**
- **വയനാട് തുരങ്കപാതയ്ക്ക് പാരിസ്ഥിതിക അനുമതി നൽകിയ നടപടിക്കെതിരെ വയനാട് പ്രകൃതി സംരക്ഷണ സമിതി നൽകിയ ഹർജി, സുപ്രീം കോടതി തള്ളി.**
- **IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ്റൈഡേഴ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

നിയമസഭാ തെരഞ്ഞെടുപ്പിന് രണ്ടര ദിവസം ശേഷിക്കെ സംസ്ഥാനത്തെ മുന്നണികളും നേതാക്കളും അവസാന വട്ട പ്രചാരണത്തിന്റെ തിരക്കിലാണ്. മൂന്നാം തവണയും LDF നെ ജനങ്ങൾ അധികാരമേറ്റുമെന്ന ഉറച്ച വിശ്വാസത്തിലാണ് മുഖ്യമന്ത്രിയും ഇടതുമുന്നണി നേതാക്കളും.

എന്നാൽ സംസ്ഥാന ഗവൺമെന്റിനെതിരെ അതിശക്തമായ ജനവികാരം ഉണ്ടെന്ന വിലയിരുത്തലിലാണ് പ്രതിപക്ഷനേതാവ് VD സതീശൻ ഉൾപ്പെടെ UDF നേതൃത്വം .

NDA ഇരുമുന്നണികൾക്കുമെതിരെ ശക്തമായ പ്രചാരണമാണ് സംസ്ഥാനത്ത് തുടരുന്നത്. തിരുവനന്തപുരത്തും പാലക്കാട്ടും കാസർക്കോട്ടും BJP വലിയ പ്രതീക്ഷയാണ് വച്ചുപുലർത്തുന്നത്. നരേന്ദ്രമോദിയുടെ രണ്ട് ഘട്ട പ്രചാരണ പരിപാടി നൽകിയ ആവേശം  വോട്ടായി മാറുമെന്നാണ് സംസ്ഥാന നേതാക്കളുടെ പ്രതീക്ഷ.

സംസ്ഥാനത്തെ എല്ലാ വോട്ടെടുപ്പ് കേന്ദ്രങ്ങളിലും സുരക്ഷാ മുന്നൊരുക്കങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. വരും ദിവസങ്ങളിൽ ഓരോ കേന്ദ്രങ്ങളിലും ആവശ്യമായ സുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിക്കും. സമാധാനപരമായ പോളിംഗിന് പറ്റിയ അന്തരീക്ഷമൊരുക്കുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷൻ, സുരക്ഷാ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിച്ച ഉദ്യോഗസ്ഥരുടെയും അവശ്യസേവന വിഭാഗങ്ങളുടെയും വോട്ടവകാശം നൂറ് ശതമാനവും ഉറപ്പാക്കാൻ ക്രമീകരണങ്ങളേർപ്പെടുത്തിയതായി സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. പോസ്റ്റൽ ബാലറ്റുകൾ സുരക്ഷിതമായി അതിവേഗം കൈമാറാൻ സംസ്ഥാന - മേഖലാ - ജില്ലാ തലങ്ങളിൽ ത്രിതല ക്ലിയറിംഗ് സെന്ററുകൾ സജ്ജമാക്കി.  പോസ്റ്റൽ ബാലറ്റ് പ്രക്രിയ പൂർത്തിയാകുന്നതു വരെ ഈ കേന്ദ്രങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കും.

✪✪✪

LDF ഗവൺമെന്റ് 900 വാഗ്ദാനങ്ങളിൽ 97 ശതമാനവും നടപ്പാക്കിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂരിൽ  പറഞ്ഞു.

LDF ഗവൺമെന്റിന്റെ കഴിഞ്ഞ വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് പ്രകാശനം ചെയ്തശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. CPI നേതാവ് CN ചന്ദ്രൻ  റിപ്പോർട്ട് ഏറ്റുവാങ്ങി.

✪✪✪

കോട്ടയം നിയോജക മണ്ഡലത്തിൽ NDA യുടെ പ്രചരണത്തിന് കേന്ദ്ര സഹമന്ത്രി ശോഭാ കരന്തലജെ ഇന്ന്  പങ്കെടുക്കും. വനിതാ സംഗമത്തിലും അവർ സംബന്ധിക്കും. തുഷാർവെള്ളാപ്പള്ളിയും  ചടങ്ങിന് എത്തും.

പുതുപ്പള്ളിയിലെ UDF സ്ഥാനാർത്ഥിക്ക് വേണ്ടി തെലുങ്കാന മന്ത്രി മുഹമ്മദ് അസറുദ്ദീൻ, രാജസ്ഥാൻ പ്രതിപക്ഷ നേതാവ് ടിക റാം ജൂലി, കർണാടക മന്ത്രി KJ ജോർജ് എന്നിവർ ഇന്നെത്തും.

കോട്ടയത്തെ LDF സ്ഥാനാർഥിക്ക് വേണ്ടി രാവിലെ റോഡ് ഷോ നടത്തി. നട്ടാശ്ശേരിയിൽ റോഡ് ഷോ സമാപിക്കും.

✪✪✪

സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിന് ഒരുങ്ങി ഇടുക്കിയിലെ ഏക ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടി. ദുർഘടമായ ഭൂപ്രകൃതിയും യാത്രാക്ലേശവും വെല്ലുവിളിയാണെങ്കിലും പോളിംഗ് സാമഗ്രികൾ സുരക്ഷിതമായി എത്തിക്കാൻ ജില്ലാ ഭരണകൂടം നടപടി പൂർത്തിയാക്കി.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ......

..............വോയ്സ്..........

ഇടമലക്കുടിയിലെ 13 വാർഡുകളിലായി സജ്ജീകരിച്ചിട്ടുള്ള പോളിംഗ് സ്റ്റേഷനുകളിലേക്ക് ഉദ്യോഗസ്ഥരെയും യന്ത്രങ്ങളെയും എത്തിക്കാൻ വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

വനപാതകളിലൂടെ കിലോമീറ്ററുകൾ കാൽനടയായി സഞ്ചരിക്കേണ്ടി വരുന്ന ബൂത്തുകളിലേക്ക് പ്രത്യേക സംഘങ്ങളെ നിയോഗിച്ചു.

കഴിഞ്ഞ തവണത്തേക്കാൾ ഉയർന്ന പോളിംഗ് ശതമാനം ലക്ഷ്യമിട്ട് ഗോത്രഭാഷയായ മുതുവാൻ ഭാഷയിൽ ഉൾപ്പെടെ വോട്ടർമാർക്കായി ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്.

കാട്ടാന ശല്യം ഉൾപ്പെടെയുള്ള സുരക്ഷാ ഭീഷണികൾ കണക്കിലെടുത്ത് വനംവകുപ്പിന്റെയും പോലീസിന്റെയും പ്രത്യേക സുരക്ഷാ വലയത്തിലായിരിക്കും വോട്ടെടുപ്പ് നടക്കുക.

ഇന്റർനെറ്റ് ലഭ്യത കുറഞ്ഞ മേഖലയായതിനാൽ വാർത്താവിനിമയത്തിനായി വയർലെസ് സംവിധാനങ്ങളും റണ്ണർമാരെയും തിരഞ്ഞെടുപ്പ് വിഭാഗം സജ്ജമാക്കിയിട്ടുണ്ട്.

ജനാധിപത്യത്തിന്റെ വലിയ ഉത്സവത്തിൽ പങ്കാളികളാകാൻ ഗോത്രസമൂഹം സജ്ജമായതോടെ ഇടമലക്കുടിയിൽ തിരഞ്ഞെടുപ്പ് ആവേശം ഉച്ചസ്ഥായിയിലെത്തി.

✪✪✪

തിരഞ്ഞെടുപ്പ് സുരക്ഷയുടെ ഭാഗമായി കണ്ണൂർ നഗരത്തിൽ പോലീസ്, റൂട്ട് മാർച്ച് നടത്തി. കേന്ദ്ര സേനാംഗങ്ങളും, തണ്ടർ ബോൾട്ടും പങ്കെടുത്തു. വിളക്കുംതറ മൈതാനത്തു നിന്ന് തുടങ്ങിയ മാർച്ച് നഗരംചുറ്റി സിറ്റി പൊലീസ് കമ്മീഷണർ ആസ്ഥാനത്ത് സമാപിച്ചു.

✪✪✪

BJP യുടെ 47-ാം സ്ഥാപക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത് ഷാ, പാർട്ടി ദേശീയ പ്രസിഡന്റ് നിതിൻ നബിൻ എന്നിവർ പ്രവർത്തകർക്ക് ആശംസ നേർന്നു. ഇന്ത്യ ആദ്യം എന്ന തത്വത്താൽ നയിക്കപ്പെടുന്ന സമൂഹത്തെ സേവിക്കുന്നതിൽ പാർട്ടി എന്നും മുൻപന്തിയിലാണെന്ന് നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

വികസിത് ഭാരത് ലക്ഷ്യം കൈവരിക്കുന്നതിന് പാർട്ടി അധ്യക്ഷൻ നിതിൻ നബിൻ പ്രവർത്തകരെ ആഹ്വാനം ചെയ്തു. ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയുടെ എല്ലാ സമർപ്പിത പ്രവർത്തകർക്കും ആശംസകൾ നേരുന്നതായി നിതിൻ നബിൻ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

BJP, വെറുമൊരു രാഷ്ട്രീയ പാർട്ടിയല്ലെന്നും രാഷ്ട്രത്തെ പുനർ നിർമ്മിക്കാൻ പ്രതിജ്ഞാബദ്ധമായ പ്രസ്ഥാനമാണെന്നും അമിത്ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

സ്ഥാപകദിനത്തോട് അനുബന്ധിച്ച് തിരുവനന്തപുരം മാരാർജി ഭവനിൽ ആഭ്യന്തരമന്ത്രി അമിത് ഷാ പതാക ഉയർത്തി. തുടർന്ന് BJP പ്രവർത്തകരുമായി അദ്ദേഹം സംവദിച്ചു. BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ അടക്കം നിരവധി നേതാക്കളും പ്രവർത്തകരും പരിപാടിയിൽ പങ്കെടുത്തു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിൽ മൂന്ന് തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. ബജാലി ജില്ലയിലെ ഭവാനിപൂർ - സോർബോഗിൽ നിന്നാണ് പ്രധാനമന്ത്രി പ്രചാരണം ആരംഭിക്കുന്നത്. തുടർന്ന് ഹോജായിയിലും പിന്നീട് ദിബ്രുഗഡിലും റാലികളിൽ നരേന്ദ്രമോദി പ്രസംഗിക്കും.

✪✪✪

പശ്ചിമ ബംഗാളിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒന്നാംഘട്ട നാമനിർദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും. ഒറ്റഘട്ടമായി തിരഞ്ഞെടുപ്പു നടക്കുന്ന തമിഴ്നാട്ടിലും പത്രികാ സമർപ്പണത്തിന്റെ അവസാന തീയതി ഇന്നാണ്.

✪✪✪

വയനാട് തുരങ്കപാതയ്ക്ക് പാരിസ്ഥിതിക അനുമതി നൽകിയ നടപടിക്കെതിരെ വയനാട് പ്രകൃതി സംരക്ഷണ സമിതി നൽകിയ ഹർജി സുപ്രീം കോടതി തള്ളി. എന്നാൽ പരാതിക്കാർക്ക് ഹരിത ട്രിബ്യൂണലിനെ സമീപിക്കാമെന്ന് കോടതി അറിയിച്ചു. തുരങ്കപാത ദേശീയ പ്രാധാന്യം

ഏറിയതാണെന്നും കേരളത്തിന്റെ ജീവരേഖയായി പദ്ധതി മാറുമെന്നും ഡിവിഷൻ ബെഞ്ച് വിലയിരുത്തി. ചീഫ് ജസ്റ്റിസ് സൂര്യകാന്തും ജസ്റ്റിസ് ജോയ് മല്യാ ബാഗ്ചിയും അടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. പ്രകൃതി സംരക്ഷണ സമിതിയുടെ ഹർജി തള്ളിയ കേരള ഹൈക്കോടതിയുടെ വിധിക്കെതിരെയാണ് സംഘടന സുപ്രീം കോടതിയെ സമീപിച്ചത്.

✪✪✪

രാജ്യവ്യാപകമായി അഞ്ച് കിലോ LPG സിലിണ്ടറുകളുടെ വില്പന പെട്രോളിയം മന്ത്രാലയം വർദ്ധിപ്പിച്ചു. തിരിച്ചറിയൽ കാർഡ് നൽകിയാൽ LPG വിതരണ ഏജൻസികളിൽ നിന്ന് അഞ്ച് കിലോ സിലിണ്ടറുകൾ ലഭ്യമാകുമെന്ന് മന്ത്രാലയം അറിയിച്ചു. വിപണിവില ഈടാക്കിയായിരിക്കും സിലിണ്ടറുകളുടെ വില്പന.

✪✪✪

പശ്ചിമേഷ്യൻ സംഘർഷത്തിൽ സാധാരണക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സുപ്രധാന പെട്രോ-കെമിക്കൽ ഉത്പന്നങ്ങൾക്ക് ജൂൺ 30 വരെ കസ്റ്റംസ് തീരുവ പൂർണമായി ഒഴിവാക്കി. ആഭ്യന്തര വ്യവസായങ്ങൾക്കാവശ്യമായ സാധനങ്ങൾ തടസ്സമില്ലാതെ തുടർന്നും ലഭ്യമാക്കാൻ വഴിയൊരുക്കാനാണ് നടപടി.

✪✪✪

ഹോർമുസ് കടലിടുക്ക് തുറക്കാൻ ഇറാന് അനുവദിച്ച സമയപരിധി പാലിച്ചില്ലെങ്കിൽ ഇറാന്റെ വൈദ്യുത നിലയങ്ങളും പാലങ്ങളും നശിപ്പിക്കുമെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നറിയിപ്പ് നൽകി. നാളെയാണ് ഹോർമുസ് തുറക്കാൻ ട്രംപ് അനുവദിച്ച സമയപരിധി. ഇന്ന് കരാർ അന്തിമമാക്കാൻ സാധ്യതയുണ്ടെന്നും ട്രംപ് സൂചിപ്പിച്ചു.

അതേസമയം അന്ത്യശാസനം ഇറാൻ തള്ളി. സമ്മർദ്ദത്തിൽ ചർച്ച നടത്തില്ലെന്ന് അവർ വ്യക്തമാക്കി.

✪✪✪

ഇറാന്റെ തലസ്ഥാനമായ ടെഹ്റാനിൽ ഇന്നലെ രാത്രി തുടർച്ചയായി ഉണ്ടായ വ്യോമാക്രമണത്തിൽ 13 പേർ കൊല്ലപ്പെട്ടു. ഷിയാ പുണ്യനഗരമായ കോമിലെ ജനവാസ മേഖലയിൽ അഞ്ച് പേർ കൊല്ലപ്പെട്ടതായും ഇറാൻ പത്രം റിപ്പോർട്ട് ചെയ്തു.

✪✪✪

റിസർവ് ബാങ്കിന്റെ മൂന്ന് ദിവസത്തെ പണ നയ അവലോകനയോഗം മുംബൈയിൽ ആരംഭിച്ചു. റിപ്പോ നിരക്ക് മാറ്റമില്ലാതെ തുടരുമെന്നാണ് സാമ്പത്തിക വിദഗ്ധരുടെ പ്രതീക്ഷ. RBI ഗവർണ്ണർ ശക്തികാന്തദാസിന്റെ അധ്യക്ഷതയിൽ ആറ് അംഗ സമിതിയാണ് യോഗം ചേരുന്നത്.

✪✪✪

രാജ്യത്തെ വാഹന വില്പനമേഖല കഴിഞ്ഞ സാമ്പത്തിക വർഷം 13.3 ശതമാനം വളർച്ച കൈവരിച്ചു. രണ്ട് കോടി 96 ലക്ഷത്തി 71,000 ത്തിലധികം രൂപയുടെ വില്പന നടത്തിയതായി ഓട്ടോ മൊബൈൽ ഡീലേഴ്സ് അസോസിയേഷന്റെ കണക്കുകൾ വെളിപ്പെടുത്തുന്നു.

✪✪✪

നളന്ദയിലെ വിവിധ സ്ഥലങ്ങളിൽ NIA യും ഭീകരവിരുദ്ധ സ്ക്വാർഡും റെയ്ഡ് നടത്തി. പുലർച്ചെയോടെയാണ് പത്ത് സ്ഥലങ്ങളിൽ റെയ്ഡ് ആരംഭിച്ചത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ്റൈഡേഴ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്ത ഈഡൻ ഗാർഡൻസിലാണ് മത്സരം.

✪✪✪

ഏഷ്യൻ കപ്പ് അണ്ടർ 20 വനിതാ ഫുട്ബോളിൽ ഇന്ത്യക്ക് തോൽവി. ഗ്രൂപ്പ് C മത്സരത്തിൽ എതിരില്ലാത്ത അഞ്ച് ഗോളിന് ഓസ്ട്രേലിയയാണ് ഇന്ത്യയെ പരാജയപ്പെടുത്തിയത്.

✪✪✪

സംസ്ഥാനത്ത് ഇന്നും മഴയ്ക്കു സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകി.

പകൽ ചൂടിന് കാഠിന്യമേറുന്ന സാഹചര്യത്തിൽ സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം എന്നിവക്കെതിരെ കരുതൽ സ്വീകരിക്കണമെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

സ്വർണവില കുറഞ്ഞു. പവന് 1,320 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 9,360 രൂപയായി. 13,670 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

വിഷുപൂജകൾക്കായി ശബരിമലയിൽ ഈ മാസം പത്തിന് നട തുറക്കും. വിഷുക്കണി ദർശനം 15 നാണ്. പുലർച്ചെ നാല് മുതൽ ഏഴ് വരെയാണ് ദർശനം. ദർശനത്തിന് വെർച്വൽ ക്യൂ ബുക്കിംഗ് തുടങ്ങി. 18 വരെ പൂജകൾ ഉണ്ടാകും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*News Team:, അനിൽ ചന്ദ്രൻ , ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*